കേരള സർക്കാർ

# ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്

നം. 26/2016/ധന. *തീയതി, തിരുവനന്തപുരം, 2016 മാർച്ച് 22.*

## സർക്കുലർ

വിഷയം :—ധനകാര്യ വകുപ്പ്—നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി—വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന :—11-6-2012-ലെ സ. ഉ.(പി) നം. 332/2012/ധന.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം ഓരോ നിയോജകമണ്ഡലത്തിന്റെയും ആസ്തി വികസന പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 5 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ഇതുപ്രകാരം പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രവർത്തികളുടെ വിശദമായ എസ്റ്റിമേറ്റ് സഹിതം നിർദ്ദേശം ഭരണ വകുപ്പിന് സമർപ്പിക്കേണ്ടതും ധനവകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗവ. സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളിലും എം. എൽ. എ. മാരുടെ ആസ്തി വികസന പദ്ധതി സംബന്ധിച്ചുള്ളതും ഇതര ഫയലുകളും ഒരേ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നതെന്നും തന്മൂലം ആസ്തി വികസന പദ്ധതി സംബന്ധിച്ചുള്ള ഫയലുകൾ ശ്രദ്ധിക്കപ്പെടാനും തീർപ്പുകല്പിക്കപ്പെടാനും കാലതാമസം നേരിടുന്നുവെന്നുമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(2) ആസ്തി വികസന പദ്ധതി സംബന്ധിച്ചുള്ളതും ഇതര ഫയലുകളും ഒരേ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതുമൂലമുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ആസ്തി വികസന പദ്ധതിയിൻകീഴിൽ ലഭ്യമാകുന്ന

ശുപാർശകൾ, ഫയലുകൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ മണ്ഡലം തിരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ എല്ലാ നിർവ്വഹണ വകുപ്പുകളും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളും സ്വീകരിക്കേണ്ടതാണ്.

**വി. കെ. ബേബി,**
*സ്പെഷ്യൽ സെക്രട്ടറി (ധനകാര്യ റിസോഴ്സസ്).*

പകർപ്പ് : —

എല്ലാ എം. എൽ. എ. മാർക്കും.
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും.
നോഡൽ ഓഫീസർ (ധനകാര്യം) www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.